# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**എം.എൽ.എ ഫണ്ട് വിനിയോഗം**

**6394 ശ്രീ. വി. ശശി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ ഫണ്ട് വിനിയോഗവുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ ഏതെല്ലാമെന്ന് വിവരിക്കാമോ;

(ബി) ഇത് സംബന്ധിച്ച് നിലവിലുള്ള ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഫണ്ട് വിനിയോഗവുമായി ബന്ധപ്പെട്ടുള്ള മാനദണ്ഡങ്ങൾ കാലാനുസൃതമായി പരിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**എം. എൽ. എ. പ്രാദേശിക വികസന ഫണ്ട് വിനിയോഗം**

6395 **ശ്രീ. ചിറ്റയം ഗോപകുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പ്രാദേശിക വികസനത്തിനായുള്ള പ്രത്യേക ഫണ്ട് വിനിയോഗം സംബന്ധിച്ച് നിലവിലുള്ള നിബന്ധനകൾ ക്രോഡീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലായെങ്കിൽ എന്താണ് ആയതിനുള്ള തടസ്സം എന്ന് വ്യക്തമാക്കുമോ ;

(സി) തടസ്സം നീക്കി പ്രസ്തുത മാനദണ്ഡങ്ങൾ മലയാളത്തിലും ഇംഗ്ലീഷിലും തയ്യാറാക്കി എന്നു ലഭ്യമാക്കും എന്നറിയിക്കുമോ ;

(ഡി) ഈ മാനദണ്ഡങ്ങളിന്മേൽ കാലോചിതമായ മാറ്റം ഉണ്ടാക്കണമെന്നു ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) പ്രസ്തുത ഫണ്ട് വിനിയോഗവുമായി ബന്ധപ്പെട്ട് നാളിതുവരെ ഇറങ്ങിയ ഉത്തരവുകൾ/സർക്കുലറുകൾ ആയവയുടെ പകർപ്പ് ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**ആസ്തി വികസന ഫണ്ട് ചെലവഴിക്കുന്നതിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ**

6396 **ശ്രീ. റ്റി. എ. അഹമ്മദ് കബീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ട് ചിലവഴിക്കുന്നതിന്റെ മാർഗ്ഗനിർദ്ദേശങ്ങളിൽ ഏറ്റവും ഒടുവിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്;

(ബി) പരമാവധി 5 പ്രവൃത്തികൾ എന്നുള്ളത് 10 പ്രവൃത്തികളാക്കി വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ 5 പ്രവൃത്തികൾ എന്നുള്ളത് വർദ്ധിപ്പിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**നേമം നിയോജകമണ്ഡലത്തിൽ എം.എൽ.എ. ഫണ്ട് വിനിയോഗിച്ചു നടപ്പിലാക്കിയ പദ്ധതികൾ**

**6397** ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നേമം നിയോജകമണ്ഡലത്തിൽ എം.എൽ.എ. ഫണ്ട് വിനിയോഗിച്ചു നടപ്പിലാക്കിയ പദ്ധതികളെ സംബന്ധിച്ചും ഇനി നടപ്പിലാക്കാൻ ശേഷിക്കുന്ന പദ്ധതികളെ സംബന്ധിച്ചും എല്ലാ വിശദാംശങ്ങളും നഗരസഭാ വാർഡ് തിരിച്ച് ലഭ്യമാക്കുമോ ;

(ബി) നിർദ്ദേശിക്കപ്പെട്ട പദ്ധതികൾ ഏതെങ്കിലും നടപ്പിലാക്കപ്പെട്ടിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട്**
**മുൻഗണനാ ക്രമം**

**6398**

**ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യത്തിന്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**എം. എൽ. എ. മാർക്ക് അനുവദിച്ചിട്ടുള്ള നിയോജക മണ്ഡലം ആസ്തി വർദ്ധിപ്പിക്കൽ ഫണ്ടിന്റെ അടിസ്ഥാനത്തിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളിൽ മുൻഗണനാ ക്രമം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?**

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**വ്യവഹാരനയം രൂപീകരിക്കൽ**

6399 **ശ്രീ. പി.സി. ജോർജ്**
**,, എം.വി. ശ്രേയാംസ് കുമാർ**
**,, റോഷി അഗസ്റ്റിൻ**
**ഡോ. എൻ. ജയരാജ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) **നീതി നിർവ്വഹണം വേഗത്തിലാക്കാൻ സംസ്ഥാനത്ത് ഒരു വ്യവഹാരനയം രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുവോ;**

(ബി) **എങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;**

(സി) **നിലവിൽ വിവിധ കോടതികളിൽ തീർപ്പാകാതെ കിടക്കുന്ന കേസുകളുടെ ബാഹുല്യം കണക്കിലെടുത്ത് നടപ്പുസാമ്പത്തികവർഷം ഇതുമായി ബന്ധപ്പെട്ട് ചെയ്യാനുദ്ദേശിക്കുന്ന പരിഹാര നടപടികൾ എന്തെല്ലാമാണ്?**

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

## നികുതി പിരിവിലെ പരിഷ്കാരങ്ങൾ

6400 ശ്രീ. ബെന്നി ബെഹനാൻ
,, ഷാഫി പറമ്പിൽ
,, പി. സി. വിഷ്ണുനാഥ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി വർദ്ധിപ്പിക്കുവാൻ എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് നികുതി ഘടനയിൽ വരുത്താനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ബി) ഇതിനായി മറ്റു സംസ്ഥാനങ്ങളിലെ നികുതി ഘടനയെ കുറിച്ച് പഠിക്കുവാൻ തയ്യാറാകുമോ ;

(സി) ഇതിനെകുറിച്ച് പഠിക്കുവാൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**സ്വയം സംരംഭക മിഷൻവഴി പരിശീലനം പൂർത്തിയാക്കിയവർ**

6401 ശ്രീ. വി. പി. സജീന്ദ്രൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഐ. സി. ബാലകൃഷ്ണൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്വയം സംരംഭക മിഷൻ വഴി സംരംഭകർ പരിശീലനം പൂർത്തിയാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇവർക്ക് പലിശ രഹിത വായ്പ വിതരണം ചെയ്യുന്നതിന് നടപടികൾ എടുക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഈ പദ്ധതിക്ക് സംസ്ഥാന തല ബാങ്കേഴ്സ് സമിതി അനുമതി നൽകിയിട്ടുണ്ടോ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**സ്വയം സംരംഭക മിഷൻ പദ്ധതി**

**6402 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്വയംസംരംഭക മിഷന് കീഴിൽ ഇതുവരെ എത്ര പേർക്ക് തൊഴിൽ നൽകുന്നതിന് പര്യാപ്തമായെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി കൂടുതൽ പേരിലേയ്ക്ക് എത്തിക്കുന്നതിന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിപാടികൾ വിശദമാക്കാമോ?

## കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**ബജറ്റ് നിർദ്ദേശങ്ങളിൽ പൂർണ്ണമായി നടപ്പാക്കിയ പദ്ധതികൾ**

6403 **ശ്രീ. വി. ശശി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2011-12 സാമ്പത്തിക വർഷത്തിലെ ബജറ്റ് നിർദ്ദേശങ്ങളിൽ പൂർണ്ണമായി നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ബജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനത്തിൽ ഇനിയും പൂർണ്ണമായി നടപ്പാക്കാത്ത പദ്ധതികൾ ഏതെല്ലാമെന്ന് പറയാമോ;

(സി) ബജറ്റ് പ്രഖ്യാപനങ്ങളിൽ എന്തെങ്കിലും പദ്ധതി നടപ്പാക്കണ്ടായെന്ന് തീരുമാനിച്ചിട്ടുണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**അമിതമായ പലിശ ഈടാക്കി നിയമവിരുദ്ധമായി പണമിടപാട് നടത്തുന്ന അന്യ സംസ്ഥാനക്കാർ**

**6404** **ശ്രീ. കെ. ദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സെമി അർബൻ ഏരിയാകളിലും നാട്ടിൻപുറങ്ങളിലും അമിതമായ പലിശ ഈടാക്കി നിയമവിരുദ്ധമായി പണമിടപാട് നടത്തുന്ന അന്യ സംസ്ഥാനക്കാർ പ്രത്യേകിച്ചും തമിഴ്നാട് സ്വദേശികൾ ധാരാളം ഉണ്ട് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവരിൽ നിന്ന് കടം വാങ്ങി ഗ്രാമീണ ഗൃഹങ്ങളിലെ പാവപ്പെട്ടവരായ ഗൃഹനാഥൻമാരുടെ തുച്ഛമായ വരുമാനത്തിൽ ചോർച്ചയുണ്ടാവുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സർക്കാർ ഇക്കാര്യത്തിൽ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ;

(സി) പുതിയ ചിട്ടി നിയമത്തിൽ ഈ വിഭാഗത്തെ പരിധിയിൽ കൊണ്ടുവരാൻ വകുപ്പുകൾ ഉണ്ടോയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 11.07.2012 -ലെ മറുപടിക്ക്

## സാമ്പത്തിക തട്ടിപ്പുകൾ

6405 ശ്രീ. കെ. എം. ഷാജി
,, സി. മമ്മൂട്ടി
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക തട്ടിപ്പുകൾ നിയന്ത്രിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) ഇത്തരം തട്ടിപ്പു സംഘങ്ങളുടെ പ്രവർത്തനം ആരംഭത്തിൽത്തന്നെ കണ്ടെത്തി നിയമനടപടികൾ സ്വീകരിക്കാൻ കഴിയാതെ വരുന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) ഇത്തരം തട്ടിപ്പുകൾ അരങ്ങേറുകയും ഇക്കാര്യങ്ങൾ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടും കൂടുതൽ ജനങ്ങൾ കെണിയിൽപെടുകയും, ഫലപ്രദമായ നിയമനടപടികൾ ഇല്ലാതിരിക്കുകയും ചെയ്യുന്നതിന്റെ സാഹചര്യം പരിശോധിക്കുമോ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

<u>ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം</u>

6406 ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. രാജു എബ്രഹാം
,, പി.റ്റി.എ. റഹീം
,, കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധനയിൽ കണ്ടെത്തിയ ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾ സംബന്ധിച്ച കേസുകൾ വിശദമാക്കുമോ; എത്ര ഇൻസ്പെക്ഷനുകൾ ഈ വിഭാഗം നടത്തുകയുണ്ടായി;

(ബി) ഇൻസ്പെക്ഷൻ വിഭാഗത്തിൽ ഇപ്പോൾ എത്ര ഉദ്യോഗസ്ഥൻമാരുണ്ട്; ഏതെല്ലാം തസ്തികയിൽ; ഇവർ ആരൊക്കെയാണ്;

(സി) ഇവർ തയ്യാറാക്കിയ ഇൻസ്പെക്ഷൻ റിപ്പോർട്ടുകൾ എത്ര; എത്ര റിപ്പോർട്ടുകളിൻമേൽ നടപടി സ്വീകരിക്കുകയുണ്ടായി; സ്വീകരിച്ചിട്ടില്ലാത്തവ ഏതൊക്കെ;

(ഡി) ഇൻസ്പെക്ഷൻ നടത്തേണ്ട സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നത് ഏത് മാനദണ്ഡമനുസരിച്ചാണ്?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**<u>പുതിയ തസ്തികകൾക്ക് ധനകാര്യ വകുപ്പിന്റെ അനുമതി</u>**

**6407 ശ്രീ. ജി. എസ്. ജയലാൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വകുപ്പുകളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിലേക്ക് ധനകാര്യ വകുപ്പ് അനുമതി നൽകിയിരുന്നുവോ;

(ബി) എങ്കിൽ അനുവദിച്ച വകുപ്പ്, തസ്തിക, എണ്ണം വിശദാംശം അറിയിക്കാമോ;

(സി) ഈ തസ്തിക സൃഷ്ടിക്കൽ മൂലം സാമ്പത്തിക ബാധ്യത എത്രത്തോളമുണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങളോ നിയന്ത്രണങ്ങളോ നിലവിലുണ്ടോ; അയത് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

<u>ലൈബ്രറി വിഭാഗത്തിലെ ശമ്പള പരിഷ്ക്കരണ അപാകം</u>

6408 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിലെ ലൈബ്രേറിയൻ ഗ്രേഡ് III, ഗ്രേഡ് II, ഗ്രേഡ് I എന്നീ തസ്തികകൾക്ക് ഒന്നുമുതൽ 9-ാം പേ റിവിഷനിൽ അനുവദിച്ചിട്ടുള്ള സ്കെയിലുകൾ ഏതെല്ലാമാണ്;

(ബി) കോമൺ പൂൾ ലൈബ്രറിയിലെ ലൈബ്രേറിയൻ ഗ്രേഡ് III, ഗ്രേഡ് II, ഗ്രേഡ് I എന്നീ തസ്തികകൾക്ക് ഒന്നു മുതൽ 9-ാം പേറിവിഷനിൽ അനുവദിച്ചിട്ടുള്ള ശമ്പള സ്കെയിൽ ഏതെല്ലാമാണ്;

(സി) സമാന ശമ്പള സ്കെയിലുകൾ തങ്ങൾക്കും അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഏതൊക്കെ ലൈബ്രറി വിഭാഗം ജീവനക്കാരിൽനിന്നും പരാതി ലഭിച്ചിട്ടുണ്ട്;

(ഡി) ഈ പരാതികളിന്മേൽ എത്രയും വേഗം തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

### സ്പാർക്ക് വഴി ശമ്പളം

6409 ശ്രീ. തോമസ് ചാണ്ടി
,, എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടേയും ശമ്പളവും അലവൻസുകളും സ്പാർക്ക് വഴി മാറുന്ന രീതി എല്ലാ ഓഫീസുകളിലും വിദ്യാലയങ്ങളിലും നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; എന്ന് പൂർണ്ണമായി നടപ്പിലാക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇപ്രകാരം സ്പാർക്ക് വഴി തയ്യാറാക്കുന്ന ശമ്പളം ഓൺലൈൻ വഴി ട്രഷറിക്ക് സമർപ്പിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ജീവനക്കാരുടെ പേസ്ലിപ്പ് സ്പാർക്കു വഴി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

<u>ഖജനാവിന്റെ ബാധ്യത</u>

6410 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യത്തിന്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരമേറ്റെടുത്ത ശേഷം അൺ എയിഡഡ് സ്കൂളുകൾ എയ്ഡഡ് സ്കൂളുകളാക്കുകയോ സർക്കാർ ഏറ്റെടുക്കുകയോ ചെയ്യുക വഴി സംസ്ഥാന ഖജനാവിന് എത്ര രൂപയുടെ അധിക ബാധ്യതയാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**താല്ക്കാലിക നിയമന കാലത്തെ സർവീസ് പരിരക്ഷ**

6411 **ശ്രീ. പി. സി. വിഷ്ണുനാഥ്**

താഴെ കാണുന്ന ചോദ്യത്തിന്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 1.10.1994 ന് ശേഷം സർവ്വീസിൽ പ്രവേശിച്ച ജീവനക്കാർക്കുകൂടി സ്ഥിരനിയമനത്തിന് മുൻപുള്ള താല്ക്കാലിക നിയമനകാലയളവ്, ഇൻക്രിമെന്റ് ഗ്രേഡ് പ്രൊമോഷൻ, പെൻഷൻ ആനുകൂല്യങ്ങൾ എന്നിവയ്ക്ക് പരിഗണിക്കുന്ന വിധത്തിൽ നിലവിലുള്ള നിയമം ഭേദഗതി വരുത്തുവാൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**പെൻഷൻ പ്രായം 56 വയസ്സായി ഉയർത്തിയശേഷം സർവ്വീസിൽ നിന്നും വിടുതൽ ചെയ്തവർ**

6412 **ശ്രീമതി പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പെൻഷൻ പ്രായം 56 വയസായി ഉയർത്തിയശേഷം ഏപ്രിൽ, മെയ് മാസങ്ങളിൽ സർവ്വീസിൽ നിന്നും വിടുതൽ ചെയ്തവർക്ക് പെൻഷൻ, ഗ്രാറ്റുവിറ്റി എന്നീ ആനുകൂല്യങ്ങൾ ലഭ്യമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആൾക്കാർക്ക് ആനുകൂല്യങ്ങൾ ലഭിക്കാൻ അക്കൗണ്ടന്റ് ജനറലിന്റെ പുതിയ ഉത്തരവ് ആവശ്യമുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ നവീകരണം**

**6413** **ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി അസംബ്ലി മണ്ഡലത്തിലെ തലശ്ശേരി മുൻസിപ്പൽ സ്റ്റേഡിയത്തിന്റെ നവീകരണത്തിനായി 2010-2011, 2011-2012 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ എത്ര തുക നീക്കി വച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) സ്റ്റേഡിയത്തിന്റെ നവീകരണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാനുള്ള ഫയൽ ധനകാര്യ വകുപ്പിൽ ലഭ്യമായിട്ടുണ്ടോ;

(സി) ഈ ഫയലിൽ ഉള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) സ്റ്റേഡിയത്തിന്റെ നവീകരണ പ്രവൃത്തി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഉണ്ടെങ്കിൽ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**ധനലക്ഷ്മി ബാങ്ക് ജീവനക്കാരെ പിരിച്ചുവിടാൻ നീക്കം**

6414 **ശ്രീ. സാജു പോൾ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ധനലക്ഷ്മി ബാങ്ക് ജീവനക്കാരായ അറുനൂറോളം പേരെ (സി. റ്റി. സി) പിരിച്ചു വിടാൻ നീക്കമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥർ ഇത് സംബന്ധിച്ച് നിവേദനം നൽകിയിട്ടുണ്ടോ ;

(സി) പിരിച്ചുവിടൽ നടപടികൾ നിർത്തിവയ്ക്കുവാൻ നിർദ്ദേശം നൽകുമോ ;

(ഡി) ജീവനക്കാരുടെ പ്രശ്നങ്ങൾ ധന-തൊഴിൽ വകുപ്പുകൾ മുൻകയ്യെടുത്ത് പരിഹരിക്കുമോ ?

# കേരള നിയമസഭ
# 11.07.2012 -ലെ മറുപടിക്ക്

<u>മഹിളാ പ്രധാൻ ഏജന്റുമാരുടെ സേവനവേതന വ്യവസ്ഥ</u>

6415 **ശ്രീ. പി.സി. വിഷ്ണുനാഥ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നിലവിൽ മഹിളാപ്രധാൻ ഏജന്റുമാർക്ക് എന്തൊക്കെ ആനുകൂല്യങ്ങളും അലവൻസുകളുമാണ് സർക്കാർ പോസ്റ്റ് ഓഫീസുകൾ വഴി നൽകുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) മഹിളാപ്രധാൻ ഏജന്റുമാരുടെ സേവനവേതന വ്യവസ്ഥകൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് ഫിനാൻസ് അഡ്മിനിസ്ട്രേഷൻ വകുപ്പിൽ 6.12.2011-ലെ എ5/64887/11 നമ്പർ ഫയലിൻമേൽ എന്തു നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) മഹിളാ പ്രധാൻ ഏജന്റുമാരുടെ ആവശ്യങ്ങൾ പരിഗണിച്ച് അവ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**മഹിളാ പ്രധാൻ ഏജന്റുമാരുടെ കമ്മീഷൻ**

6416 **ശ്രീമതി പി. അയിഷാപോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മഹിളാ പ്രധാൻ ഏജന്റുമാർക്ക് നൽകിവരുന്ന കമ്മീഷൻ, അലവൻസ്, ബോണസ് എന്നിവയുടെ നിരക്ക് എപ്രകാരമാണ്;

(ബി) കൊല്ലം ജില്ലയിൽ മഹിളാ പ്രധാൻ ഏജന്റുമാർക്ക് അവസാനമായി അലവൻസ് ഏതു കാലയളവ് വരെയാണ് നൽകിയിട്ടുളളത്;

(സി) ബോണസ് ഏത് കാലയളവ് മുതൽ നൽകാനുണ്ട്;

(ഡി) പ്രസ്തുത കുടിശ്ശിക തുകകൾ നൽകാൻ നടപടി സ്വീകരിക്കുമോ;

(ഇ) മഹിളാ പ്രധാൻ ഏജന്റുമാർക്ക് അലവൻസും ബോണസും നിഷേധിക്കുന്ന സാഹചര്യം നിലവിലുണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

## കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**മഹിളാ പ്രധാന്‍ ഏജന്റുമാരുടെ കമ്മീഷന്‍ പുന:സ്ഥാപിക്കാന്‍ നടപടി**

6417 **ശ്രീമതി കെ. എസ്. സലീഖ**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) മഹിളാ പ്രധാന്‍ ഏജന്റുമാര്‍ക്ക് കേന്ദ്രസര്‍ക്കാര്‍ ഉത്തരവ് പ്രകാരം വെട്ടിക്കുറച്ച കമ്മീഷന്‍ പുന:സ്ഥാപിക്കുവാന്‍ സംസ്ഥാന സര്‍ക്കാര്‍ എന്തൊക്കെ നടപടികള്‍ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര ശതമാനം കമ്മീഷനാണ് ഇവര്‍ക്ക് വെട്ടിക്കുറച്ചത്; തുടര്‍ന്ന് എത്ര ശതമാനം കമ്മീഷന്‍ നല്‍കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) കിട്ടിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങളില്‍ കുറവ് വരുത്തുന്ന കേന്ദ്ര സമീപനം ശരിയാണോ; കൂടാതെ ഏജന്റുമാരുടെ സേവനം വിവിധ സാമൂഹിക സേവന പദ്ധതികളില്‍ പ്രയോജനപ്പെടുത്തി അവര്‍ ചെയ്യുന്ന ജോലിക്കുള്ള പ്രതിഫലമായി കിട്ടിക്കൊണ്ടിരുന്ന പ്രസ്തുത കമ്മീഷന്‍ പുന:സ്ഥാപിക്കാന്‍ നടപടി സ്വീകരിക്കുമോ;

(ഡി) ഇത്തരത്തില്‍ സംസ്ഥാനത്ത് എത്ര മഹിളാ പ്രധാന്‍ ഏജന്റുമാര്‍ ജോലി ചെയ്യുന്നുവെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**മഹിളാപ്രധാന്‍ ഏജന്റുമാര്‍ക്ക് കമ്മീഷന്‍**

6418 **ശ്രീ. ആര്‍. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ മഹിളാപ്രധാന്‍ ഏജന്റുമാര്‍ക്ക് നിലവില്‍ നല്‍കിവരുന്ന കമ്മീഷന്‍ എത്രയാണ്; ഈ കമ്മീഷന്‍ വര്‍ദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികള്‍ സ്വീകരിക്കുമോ;

(ബി) മഹിളാ പ്രധാന്‍ ഏജന്റുമാര്‍ക്ക് നിലവില്‍ എന്തെങ്കിലും ക്ഷേമ പദ്ധതികള്‍ ഉണ്ടോ; ഉണ്ടെങ്കില്‍ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**മഹിളാപ്രധാൻ ഏജന്റുമാരുടെ കമ്മീഷൻ**

6419 ശ്രീ. ജോസ് തെറ്റയിൽ
,, സി.കെ. നാണു
,, മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ദേശീയ സമ്പാദ്യരംഗത്ത് പ്രവർത്തിക്കുന്ന മഹിളാപ്രധാൻ ഏജന്റുമാരുടെ കമ്മീഷൻ വെട്ടിക്കുറച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഏജന്റുമാർക്കുള്ള ബോണസും അലവൻസും ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ഏതുമാസം വരെ വിതരണം ചെയ്തു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**ഏജന്‍സി നല്‍കാന്‍ നടപടി**

**6420 ശ്രീ. ജോസ് തെറ്റയില്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) 1982 മുതല്‍ മഹിളാപ്രധാന്‍ ഏജന്റായും എസ്.എ.എസ്. ഏജന്റായും പ്രവര്‍ത്തിക്കുന്ന അങ്കമാലി കരയില്‍ പടയാട്ടി വീട്ടില്‍ പരേതനായ പോള്‍ ഭാര്യ മേരി (75 വയസ്സ്) യുടെ ആരോഗ്യസ്ഥിതി മോശമായതിനാല്‍ അവരുടെ പേരിലുള്ള ഏജന്‍സി മകന്റെ ഭാര്യയുടെ പേരിലാക്കി കിട്ടുന്നതിനായി സമര്‍പ്പിച്ചിട്ടുള്ള അപേക്ഷ പരിഗണിക്കുവാന്‍ കഴിയുമോ ;

(ബി) ഇല്ലെങ്കില്‍ ഇതിന് കാരണം വിശദമാക്കാമോ ?

## കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**വാണിജ്യ നികുതി വകുപ്പിന്റെ പ്രവർത്തനങ്ങൾ ആധുനികവത്ക്കരിക്കുന്നതിനായി നടപടി**

**6421 ശ്രീ. എം. ഹംസ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നികുതിവെട്ടിപ്പ് കണ്ടെത്തുന്നതിനായി നിലവിൽ എന്തെല്ലാം സംവിധാനങ്ങൾ ആണുള്ളത്; ഇവ ആധുനികവൽക്കരിച്ചില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വാണിജ്യ നികുതി വകുപ്പിന്റെ പ്രവർത്തനങ്ങൾ ആധുനികവത്ക്കരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) വാണിജ്യ നികുതി വകുപ്പിൽ ആധുനിക സാങ്കേതിക വിദ്യകൾ നടപ്പിൽ വരുത്താത്തതിനാൽ നികുതി വരുമാനത്തിൽ കുറവു വന്നിട്ടുണ്ടോ; വിശദമായ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**റെയിൽവേ വഴി നികുതി വെട്ടിച്ച് ചരക്കു കടത്ത്**

**6422 ശ്രീ. എസ്. രാജേന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റെയിൽവേ വഴി നികുതി വെട്ടിച്ച് ചരക്കു കടത്തുന്നതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിഷയം റെയിൽവേയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇതിനെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

**കേരള നിയമസഭ**
**11.07.2012 -ലെ മറുപടിക്ക്**

**<u>ബേക്കറി വ്യവസായത്തിൽ അധിക നികുതി</u>**

**6423 ശ്രീ. കെ. രാജു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സംസ്ഥാനത്ത് അഞ്ച് ലക്ഷത്തിൽപ്പരം ആളുകളുടെ ഉപജീവനമാർഗ്ഗമായ ബേക്കറി വ്യവസായ മേഖലയിൽ എപ്രകാരമാണ് നികുതി ഈടാക്കുന്നത്;**

(ബി) **ഈ മേഖലയിൽ 12.5 ശതമാനം വാറ്റ് ഏർപ്പെടുത്തിയതുമൂലം ഈ വ്യവസായം നശിക്കുമെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;**

(സി) **ബ്രാൻഡ് രജിസ്റ്റർ ചെയ്ത ബേക്കറികളെ 4 ശതമാനത്തിനുപകരം 12.5 ശതമാനം അധിക നികുതി 2006 മുതൽ മുൻകാലപ്രാബല്യത്തിൽ നടപ്പിലാക്കി ഈടാക്കുവാനുള്ള നടപടികൾ ബഹുരാഷ്ട്ര കമ്പനികളെ സഹായിക്കാനാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ നടപടി പിൻവലിക്കുമോ?**

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**ആയുർവേദ ഉല്പന്നങ്ങളുടെ നികുതിനിരക്ക്**

**6424**

**ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **ആയുർവേദ ഉല്പന്നങ്ങളുടെയും മരുന്നുകളുടെയും നികുതി നിരക്ക് ഇപ്പോൾ എത്ര ശതമാനമാണ്; വിശദാംശം നൽകുമോ;**

(ബി) **ഈ നികുതി നിരക്ക് എപ്പോൾ മുതലാണ് നിലവിൽ വന്നിട്ടുള്ളത്; ഇതിന് മുൻകാല പ്രാബല്യം നൽകാൻ നടപടി സ്വീകരിക്കുമോ ?**

## കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**കാർഷികാദായ നികുതിയിനത്തിൽ ലഭ്യമാകുന്ന തുക**

**6425** **ശ്രീ. എ. എ. അസീസ്**
**,, കോവൂർ കുഞ്ഞുമോൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികാദായ നികുതി ഇനത്തിൽ ഓരോ വർഷവും ലഭ്യമാകുന്ന തുക എത്രയാണ് ;

(ബി) ഏതൊക്കെ വിഭാഗങ്ങളിൽ നിന്നാണ് കാർഷിക ആദായ നികുതി ലഭ്യമാക്കുന്നത് ;

(സി) കൂടുതൽ മേഖലകളിലേയ്ക്ക് കാർഷിക ആദായ നികുതി വ്യാപിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിലെ ഡയറക്ടർ നിയമനം

**6426** **ശ്രീമതി. കെ. കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ എന്ന സ്ഥാപനത്തിന്റെ ഡയറക്ടർ തസ്തികയുടെ യോഗ്യതകൾ, പ്രായപരിധി, മറ്റു മാനദണ്ഡങ്ങൾ എന്നിവ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികയുടെ നിയമനം സംബന്ധിച്ച് പുറപ്പെടുവിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത തസ്തികയിലെ നിയമനത്തിന് എത്ര അപേക്ഷകൾ ഉണ്ടായിരുന്നുവെന്നും അവരുടെ പേരു വിവരം, യോഗ്യതകൾ, പ്രായം എന്നിവ വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തസ്തികയിലെ നിയമന കാര്യത്തിൽ ആർക്കെങ്കിലും പ്രായപരിധിയിൽ ഇളവു നൽകിയിട്ടുണ്ടോ എന്നും ശമ്പള സ്കെയിലിൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(ഇ) ഉണ്ടെങ്കിൽ കാരണങ്ങൾ വ്യക്തമാക്കുമോ;

(എഫ്) നിയമന കാര്യത്തിൽ അപാകതകൾ കണ്ടെത്തിയിട്ടുണ്ടെങ്കിൽ നിയമനം പുന:പരിശോധിക്കുമോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ

## 11.07.2012 -ലെ മറുപടിക്ക്

**സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ**
**കാരുണ്യ ഭാഗ്യക്കുറി**

**6427**

**ശ്രീ. കെ. രാധാകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ കാരുണ്യ ഭാഗ്യക്കുറിയിൽ നിന്നും ഇതേവരെ ലഭിച്ച ലാഭം എത്രയാണെന്നും അതിൽ കാരുണ്യ ബനവലന്റ് പദ്ധതിയിലേയ്ക്ക് എത്ര രൂപ കൈമാറ്റം ചെയ്തിട്ടുണ്ടെന്നും പറയാമോ;**

(ബി) **ഇപ്രകാരം ഖജനാവിലെ തുക കൈകാര്യം ചെയ്യുന്ന പദ്ധതി നടത്തിപ്പിനായി സർവ്വീസിലില്ലാത്ത ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;**

(സി) **ഇപ്രകാരം പുറത്തുനിന്നും നിയമനം നടത്തിയതിനു കാരണം വ്യക്തമാക്കുമോ?**

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**കാരുണ്യ പദ്ധതികളിൽ രജിസ്റ്റർ ചെയ്ത രോഗികൾ**

6428 ശ്രീ. വി.എസ്. സുനിൽ കുമാർ
ശ്രീമതി. ഇ.എസ്. ബിജിമോൾ
ശ്രീ. വി. ശശി
,, പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ പദ്ധതികളിൽ രജിസ്റ്റർ ചെയ്ത രോഗികൾക്ക് സ്വകാര്യ ആശുപത്രികളിൽ നിന്നും ചികിത്സ ലഭ്യമാക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ സ്വകാര്യ ആശുപത്രികളിലെ ചികിത്സയ്ക്കായി എത്ര തുക വരെ നൽകുമെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ അപേക്ഷ സമർപ്പിച്ചവരും ധനസഹായം ലഭിക്കാതെ മരിച്ചവരുമായവരുടെ ആശ്രിതർക്ക് സഹായം നൽകുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം ധനസഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ നിന്നും അടിയന്തിര ചികിത്സയ്ക്ക് സഹായം എത്തിക്കുന്നതിന് എന്തു സംവിധാനമാണ് നിലവിലുളളതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

<u>കാരുണ്യ ബനവലന്റ് പദ്ധതി</u>

6429

ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**കാരുണ്യ ബനവലന്റ് പദ്ധതി പ്രകാരം സംസ്ഥാനത്ത് ഇതേ വരെ എത്ര പേർക്കാണ് ചികിൽസാ ധനസഹായം അനുവദിച്ചിട്ടുളളതെന്ന് പറയാമോ?**

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**തീരദേശ വികസന ഫണ്ടിനായി ലോട്ടറി**

6430 ശ്രീ. എ. റ്റി. ജോർജ്
,, ജോസഫ് വാഴക്കൻ
,, പി. എ. മാധവൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തീരദേശ വികസന ഫണ്ടിനായി ലോട്ടറി തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) ലോട്ടറിയിൽ നിന്നു ലഭിക്കുന്ന വരുമാനത്തിന്റെ ഗുണഭോക്താക്കൾ ആരൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

ഭാഗ്യക്കുറിവകുപ്പിൽ വിവിധ തസ്തികകൾ

6431 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ വിവിധ തസ്തികകളിലായി ആകെ എത്ര ജീവനക്കാരുണ്ടെന്ന് പറയാമോ;

(ബി) ഈ വകുപ്പിൽ ആകെ ദിവസക്കൂലിയടിസ്ഥാനത്തിൽ എത്ര താൽക്കാലിക ജീവനക്കാരെ നിയമിക്കുവാൻ അനുവാദം നൽകിയിട്ടുണ്ടെന്നും അതിന്റെയടിസ്ഥാനത്തിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(സി) വകുപ്പിലെ ജോലിഭാരം വർദ്ധിച്ചതിന്റെ അടിസ്ഥാനത്തിൽ സ്ഥിര ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കാനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**11.07.2012 -ലെ മറുപടിക്ക്**

**കെ.എസ്.എഫ്.ഇ യുടെ ടേണോവർ**

**6432 ശ്രീമതി കെ. എസ്. സലീഖ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കെ.എസ്.എഫ്.ഇ യുടെ ടേണോവർ എത്ര കോടി രൂപയായിരുന്നു; ഇപ്പോൾ എത്ര;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നിക്ഷേപം എത്ര കോടി രൂപയായിരുന്നു; ആയത് ഇപ്പോൾ എത്ര കോടി രൂപയാണ്;

(സി) സംസ്ഥാനത്തെ കെ.എസ്.എഫ്.ഇ കളിൽ ചിട്ടിയിൽ ചേർന്നിരിക്കുന്നവരുടെ എണ്ണം എത്ര;

(ഡി) നിലവിൽ കെ.എസ്.എഫ്.ഇ ക്ക് സംസ്ഥാനത്ത് എത്ര ബ്രാഞ്ചുകൾ ഉണ്ട്; ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കെ.എസ്.എഫ്.ഇ യുടെ എത്ര ബ്രാഞ്ചുകൾ ഉണ്ടായിരുന്നു; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഇ) കെ.എസ്.എഫ്.ഇ 2011-12 സാമ്പത്തിക വർഷം എത്ര തുക ഗാരന്റി കമ്മീഷൻ ഇനത്തിൽ സർക്കാറിനു നൽകി;

(എഫ്) ഈ സാമ്പത്തിക വർഷം കെ.എസ്.എഫ്.ഇ യുടെ എത്ര ശാഖകൾ തുടങ്ങാനാണ് തീരുമാനിച്ചിട്ടുള്ളത്; എത്ര കോടി രൂപയുടെ അധിക സ്വർണ്ണ വായ്പയുടെ ഇടപാടാണ് ഇക്കൊല്ലം കെ.എസ്.എഫ്.ഇ ലക്ഷ്യമിടുന്നത്?

## കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**കെ.എസ്.എഫ്.ഇ. ഏജന്റുമാരുടെ ക്ഷേമനിധിയുടെ മാനേജ്മെന്റ് വിഹിതം**

**6433 ശ്രീ. വി. ശിവൻകുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ഷോപ്സ് & കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് എംപ്ലോയീസ് ക്ഷേമനിധിയിൽ അംഗങ്ങളായി ചേർന്ന കെ.എസ്.എഫ്.ഇ ഏജന്റുമാരുടെ വിഹിതം കെ.എസ്.എഫ്.ഇ. മാനേജ്മെന്റ് ഒടുക്കാത്തതിന്റെ കാരണം എന്താണെന്നു വ്യക്തമാക്കുമോ ;

(ബി) ആയതിനുള്ള നടപടി എന്ന് സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

<u>ക്യാൻവാസിംഗ് ഏജന്റുമാരുടെ കമ്മീഷൻ തിരികെ പിടിക്കുന്ന കെ.എസ്.എഫ്.ഇ. നടപടി റദ്ദാക്കണമെന്ന ആവശ്യം</u>

6434 ശ്രീ. വി. ശിവൻ കുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

കെ.എസ്.എഫ്.ഇ.യിൽ ക്യാൻവാസിംഗ് ഏജന്റുമാർ ചിറ്റാളന്മാരെ ചേർത്ത ചിട്ടികളിൽ രണ്ടും മൂന്നും തവണ കുടിശ്ശിക വന്നാൽ ഏജന്റുമാരുടെ കമ്മീഷൻ തിരികെ പിടിക്കുന്ന കെ.എസ്.എഫ്.ഇ.യുടെ നട പടി റദ്ദാക്കാനുളള നടപടി സ്വീകരിക്കുമോ; ഇതുസം ബന്ധിച്ചുളള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**കെ.എസ്.എഫ്.ഇ. മാനേജർമാരുടെ കൂട്ട സ്ഥലം മാറ്റം**

6435 **ശ്രീ. കെ.വി.അബ്ദുൾ ഖാദർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിൽ 25/7/2011-ലെ ഉത്തരവിലൂടെ മാനേജർമാരുടെ കൂട്ടസ്ഥലംമാറ്റം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതുമായി ബന്ധപ്പെട്ട് കോടതിയിൽ കേസ് ഫയൽ ചെയ്യുകയും അത് പ്രകാരം ഒരു ട്രാൻസ്ഫർ നോംസ് ഉണ്ടാക്കുവാൻ കോടതി നിർദ്ദേശിക്കുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ട്രാൻസ്ഫർ നോംസിന് എന്നു മുതൽക്കാണ് പ്രാബല്യമെന്ന് വ്യക്തമാക്കുമോ; കെ.എസ്.എഫ്.ഇ യിലെ എല്ലാ സംഘടനകളുടെയും അംഗീകാരത്തോടു കൂടിയാണോ പ്രസ്തുത നോംസ് രൂപീകരിച്ചത് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) 21-4-2012-ൽ ഇറക്കിയ മാനേജർമാരുടെ ട്രാൻസ്ഫർ ഉത്തരവിൽ ഒരു വർഷം തികയാത്ത എത്ര മാനേജർമാർക്ക് ട്രാൻസ്ഫർ നൽകിയിട്ടുണ്ട് ; വിശദാംശം അറിയിക്കുമോ ?

## കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**കെ.എസ്.എഫ്.ഇ. ശാഖകളിൽ ജോലിചെയ്യുന്ന എക്സ്സർവ്വീസുകാർ**

6436 **ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ കെ.എസ്.എഫ്.ഇ. ശാഖകളിലായി എത്ര എക്സ്സർവ്വീസുകാർ ജോലി ചെയ്യുന്നുണ്ട് ;

(ബി) കേരള സ്റ്റേറ്റ് എക്സ് സർവ്വീസ് ലീഗിന്കീഴിൽ കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ഇവർക്ക് മതിയായ വേതനം ലഭിക്കാതെ പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇവർക്ക് ലഭിക്കുന്ന ദിവസ വേതനമായ 208 രൂപയിൽനിന്ന് മാസത്തിൽ റ്റി.ഡി.എസ്. 125 രൂപ, ഇ.പി.എഫ്. 840 രൂപ, സംഘടന കമ്മീഷൻ 312 രൂപ എന്നിവ കഴിച്ചാൽ ബാക്കി തുച്ഛമായ തുകയാണ് ലഭിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ കേരളത്തിൽ നിലവിലുള്ള ദിവനവേതനമായ 370 രൂപ കെ.എസ്.എഫ്.ഇ.-യിലും അടിയന്തിരമായി നടപ്പാക്കാൻ നടപടി സീകരിക്കുമോ ;

(ഇ) എങ്കിൽ എന്ന് നടപ്പാക്കാൻ കഴിയും ; വിശദമാക്കാമോ ;

(എഫ്) ഇ.പി.എഫ്. പദ്ധതിയിലെ 50:50 അനുപാതം കെ.എസ്.എഫ്.ഇ.-യിലും നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ;

(ജി) കെ.എസ്.എഫ്.ഇ.-യിലെ കാഷ്യർ, ഗോൾഡ് അസിസ്റ്റന്റ് തസ്തികയിൽ ജോലി ചെയ്യുന്ന ദിവസവേതനക്കാർക്ക് സ്ഥിരം ജീവനക്കാർക്ക് നൽകുന്ന റിസ്ക് അലവൻസ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**<u>സാധാരണക്കാരന് നിയമസഹായം നല്കുന്നതിനുള്ള പദ്ധതി</u>**

**6437 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഗ്രാമപഞ്ചായത്തുകളില്‍ സാധാരണക്കാരന് നിയമസഹായം നല്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ;

(ബി) എങ്കില്‍ ഇത്തരം നിയമസഹായ ക്ലിനിക്കുകള്‍ ആരംഭിക്കുന്നതിന് നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി എന്ന് നടപ്പില്‍ വരുത്താനാകുമെന്നാണ് സര്‍ക്കാര്‍ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**കേരള ചിട്ടി ഫണ്ട് നിയമങ്ങൾ**

6438 ശ്രീ. കെ. മുരളീധരൻ
,, സി. പി. മുഹമ്മദ്
,, വർക്കല കഹാർ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള ചിട്ടിഫണ്ട് നിയമങ്ങൾ വിജ്ഞാപനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) ചിട്ടി ആരംഭിക്കുന്നതിനും നടത്തുന്നതിനുമുള്ള പ്രധാന വ്യവസ്ഥകൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതിന് എന്ന് മുതലാണ് പ്രാബല്യം നൽകിയിട്ടുള്ളത് ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

<u>കേരള ചിറ്റ് ഫണ്ട്സ് ചട്ടങ്ങൾ</u>

6439 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള ചിറ്റ് ഫണ്ട്സ് ചട്ടങ്ങൾ സർക്കാർ വിജ്ഞാപനം ചെയ്തുവോ;

(ബി) ചിട്ടി ആരംഭിക്കാനുള്ള വ്യവസ്ഥകൾ നിലവിലെ വിജ്ഞാപനം അനുസരിച്ച് എന്തൊക്കെ; വ്യക്തമാക്കാമോ;

(സി) ഇതുവരെ ചിട്ടി തുകകളുടെ എത്ര ശതമാനമായിരുന്നു കരാർ ഫീസായി ഈടാക്കിയിരുന്നത്; ആയത് വിജ്ഞാപനം വഴി എത്രയാക്കി; കൂടാതെ 1 ലക്ഷം രൂപ വരെയുള്ള സാക്ഷ്യപത്രത്തിന് എത്ര രൂപ നൽകണമെന്നും അതിന് മുകളിൽ എത്ര രൂപ നൽകണമെന്നും വ്യക്തമാക്കുമോ;

(ഡി) ചിട്ടിക്കമ്പനികളുടെ പലിശ എത്ര ശതമാനമായി ഏകീകരിച്ചു;

(ഇ) ചിട്ടി നടത്തിപ്പു സംബന്ധിച്ച് ചിറ്റാളനും വരിക്കാരനും തമ്മിലുള്ള തർക്കങ്ങൾ തീർക്കാൻ എന്തൊക്കെ നിർദ്ദേശങ്ങളാണ് വിജ്ഞാപനത്തിൽ ഉള്ളത്; വിശദമാക്കുമോ;

(എഫ്) സംസ്ഥാനത്തെ സഹകരണ സൊസൈറ്റികൾക്ക് കേരള ചിറ്റ് ഫണ്ട്സ് ചട്ടങ്ങൾ ബാധകമാണോ; വ്യക്തമാക്കുമോ;

(ജി) പുതിയ വിജ്ഞാപനം വഴി ചിട്ടിക്ക് പരമാവധി കാലാവധി എത്രയെന്നും ഫൈനാൻസിയേഴ്സിന് ചിട്ടി പാടുണ്ടോയെന്നും ചിട്ടി നടത്തിപ്പുകാർക്ക് വേറെ ബിസിനസ്സ് പാടുണ്ടോയെന്നും; സർക്കാർ/അർദ്ധ സർക്കാർ ഉദ്യോഗസ്ഥർക്ക് ചിട്ടി നടത്താൻ അവകാശമുണ്ടോയെന്നും വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**എറണാകുളത്ത് അഭിഭാഷക സ്ഥാപനം**

**6440**

**ശ്രീ. എസ്. രാജേന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അഡ്വക്കറ്റ് ജനറലിന്റേയോ അദ്ദേഹത്തിന്റെ അടുത്ത ബന്ധുക്കളുടേയോ ഉടമസ്ഥതയിൽ എറണാകുളത്ത് അഭിഭാഷക സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഇത് സംബന്ധിച്ച പത്രവാർത്തകൾ പരിശോധിച്ചിട്ടുണ്ടോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം പ്രസ്തുത സ്ഥാപനത്തിന് ഡസനിലേറെ പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്റ്റാൻഡിങ് കോൺസൽ പദവി ലഭിച്ചുവെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; ഇതിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനം ഏറ്റെടുക്കുന്ന കേസുകളിൽ സർക്കാർ തന്നെ എതിർകക്ഷിയാകുമ്പോൾ സർക്കാർ ഭാഗം ദുർബലപ്പെടാനുള്ള സാധ്യതയുണ്ടെന്ന വാദം പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനി പരിശോധിക്കുമോ ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

<u>ട്രഷറികളിലെ സേവിംഗ്സ് ബാങ്ക് നിക്ഷേപങ്ങൾ</u>

6441 ശ്രീ. വി. ഡി. സതീശൻ
,, ലൂഡി ലൂയിസ്
,, കെ. അച്ചുതൻ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളിലെ സേവിംഗ്സ് ബാങ്ക് നിക്ഷേപങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) സ്ഥിരനിക്ഷേപ അക്കൗണ്ടുകൾ വർദ്ധിപ്പിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ജനങ്ങളുടെ ഇടയിൽ ഇതിനായി പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുന്ന കാര്യം ആലോചിക്കുമോ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**വടക്കാഞ്ചേരി സബ് ട്രഷറിക്ക് കെട്ടിടം**

**6442 ശ്രീ. എ. കെ. ബാലൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തിരൂർ മണ്ഡലത്തിലെ വടക്കാഞ്ചേരി സബ് ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനുള്ള ഭൂമി വകുപ്പിന് ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) നിർമ്മാണത്തിന് എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത്;

(ഡി) എന്ന് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

<u>വടകര ട്രഷറിയിൽ പ്രത്യേക കൗണ്ടർ</u>

6443 ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യത്തിന്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

വടകര ട്രഷറിയിൽ പെൻഷൻ വാങ്ങാൻ വരുന്നവരുടെ ബുദ്ധിമുട്ടുകൾ പരിഗണിച്ച് ഒരു പ്രത്യേക കൗണ്ടർ ഏർപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് നല്കിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ പ്രസ്തുത കൗണ്ടർ സ്ഥാപിക്കാൻ നടപടിസ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

<u>സബ് ട്രഷറിയിൽ ജീവനക്കാരുടെ തസ്തികകൾ</u>

6444 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജക മണ്ഡലത്തിൽ ചെറുപുഴയിൽ പുതുതായി ആരംഭിച്ച സബ്ട്രഷറിയിൽ ജീവനക്കാരുടെ തസ്തികകൾ അനുവദിച്ചതിലുള്ള കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കുറവുള്ള തസ്തികകൾ പുതുതായി അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**ചേർത്തല സബ് കോടതിയിൽ അറ്റന്റർ പോസ്റ്റ് അനുവദിക്കുന്നതിനുള്ള നടപടികൾ**

**6445** **ശ്രീ. എ. എം. ആരിഫ്**

താഴെ കാണുന്ന ചോദ്യത്തിന്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചേർത്തല സബ് കോടതി ആരംഭിച്ചതെന്നാണ്;

(ബി) ചേർത്തല സബ്കോടതിയിൽ അറ്റന്റർ പോസ്റ്റ് അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) അറ്റന്റർ പോസ്റ്റ് അനുവദിക്കുന്നതു സംബന്ധിച്ച 88397/L1/10/Home എന്ന ഫയലിൽ എന്തു നടപടികളാണ് എടുത്തിരിക്കുന്നത്;

(ഡി) ചേർത്തല സബ് കോടതിയിൽ അറ്റന്റർ പോസ്റ്റ് ഉടൻ അനുവദിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകുമോ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

<u>ഇന്നവേറ്റീവ് ഭവനനിർമ്മാണ പദ്ധതി</u>

6446 ശ്രീ. ഷാഫി പറമ്പിൽ
,, എ. പി. അബ്ദുളളക്കുട്ടി
,, ബെന്നി ബെഹനാൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഇന്നവേറ്റീവ് ഭവനനിർമ്മാണ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ഈ പദ്ധതിയുടെ 2-ാം ഘട്ടത്തിന് തുടക്കമിട്ടിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതൊക്കെ നഗരങ്ങളിൽ ഈ പദ്ധതി നടപ്പാക്കിവരുന്നുണ്ട്. വിശദമാക്കുമോ;

(ഡി) സംസ്ഥാനത്തെ എല്ലാ നഗരങ്ങളിലും ഈ പദ്ധതി വ്യാപിക്കുന്ന കാര്യം പരിഗണിക്കുമോ ?

**കേരള നിയമസഭ**
**11.07.2012 -ലെ മറുപടിക്ക്**

**ഫ്ളാറ്റ് നിർമ്മാണ സ്കീം**

**6447 ശ്രീ. എം. ഹംസ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് നിലവിൽ ഏതെല്ലാം പ്രോജക്ടുകൾ ആണുള്ളത്; വിശദാംശം ലഭ്യമാക്കുമോ;**

(ബി) **സംസ്ഥാനത്ത് പുതിയ ഹൗസിംഗ് സ്കീം നടപ്പിലാക്കുന്നതിന് അനുയോജ്യമായ സ്ഥലങ്ങൾ എവിടെയെല്ലാമാണുള്ളത്; പ്രദേശം, സ്ഥലത്തിന്റെ വിസ്തീർണ്ണം മുതലായ വിവരങ്ങൾ വെളിപ്പെടുത്തുമോ;**

(സി) **നഗരങ്ങളെപ്പോലെ നാട്ടിൻപുറങ്ങളിലും പാർപ്പിട ക്ഷാമം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇവിടെ ഹൗസിംഗ് ബോർഡിന്റെ നേതൃത്വത്തിൽ ഫ്ളാറ്റ് നിർമ്മിച്ച് നൽകുന്ന സ്കീം നടപ്പാക്കുമോ;**

(ഡി) **പ്രസ്തുത സ്കീമിനായി 2012-13 വർഷത്തെ ബഡ്ജറ്റിൽ എത്ര തുക ഉൾക്കൊള്ളിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ?**

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**<u>നിർമ്മിതി കേന്ദ്രയുടെ കലവറ</u>**

**6448** **ശ്രീ. പുരുഷൻ കടലുണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന നിർമ്മിതി കേന്ദ്രയുടെ ആഭിമുഖ്യത്തിലുളള കെട്ടിട നിർമ്മാണ സാമഗ്രികളുടെ ന്യായവില വിപണന കേന്ദ്രമായ കലവറ എല്ലാ ജില്ലകളിലും ആരംഭിക്കുമെന്ന പ്രഖ്യാപനം നടപ്പിലായിട്ടുണ്ടോ;

(ബി) നിലവിൽ കലവറ ഏതൊക്കെ ജില്ലയിലാണ് ഇല്ലാത്തതെന്ന് വ്യക്തമാക്കാമോ;

(സി) ഇവിടങ്ങളിൽ കലവറയുടെ കേന്ദ്രങ്ങൾ എന്ന് തുടങ്ങാൻ കഴിയുമെന്നാണ് കരുതുന്നത്;

(ഡി) ഭാവിയിൽ എല്ലാ നിയോജക മണ്ഡലങ്ങളിലും കലവറകൾ ആരംഭിക്കുന്നതിനുളള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**നിർമ്മിതി മണൽ**

6449 **ശ്രീ. പുരുഷൻ കടലുണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മണൽ ദൗർലഭ്യം പരിഹരിക്കുന്നതിനായി ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ 'നിർമ്മിതി മണൽ' വിപണിയിൽ ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അത് ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ടാണ് ; വിശദമാക്കാമോ ?

## കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**ഹൗസ് ബിൽഡിംഗ് അഡ്വാൻസ്**

6450 ശ്രീ. എം. വി. ശ്രേയാംസ്കുമാർ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 'സർക്കാർ ജീവനക്കാരുടെ സംയോജിത ഭവന വായ്പാ പദ്ധതി' പ്രകാരം വായ്പ ലഭിക്കുന്നതിന് അപേക്ഷ (2011-12) സമർപ്പിച്ചിട്ടുള്ള ജീവനക്കാരിൽ എത്ര പേർക്ക് വായ്പ ലഭ്യമാക്കിയെന്ന് അറിയിക്കുമോ;

(ബി) ഈ ഇനത്തിൽ 2011-12 സാമ്പത്തിക വർഷം ചെലവഴിച്ച തുക എത്രയാണ്; മുൻ വർഷങ്ങളെ അപേക്ഷിച്ച് എത്ര തുക അധികമായി അനുവദിക്കാൻ സാധിച്ചു;

(സി) 2011-12-ൽ പ്രസിദ്ധീകരിച്ച മുൻഗണനാ പട്ടികപ്രകാരം വായ്പ ലഭിക്കുന്നതിന് ഇനി എത്രപേർ അവശേഷിക്കുന്നു; ഇവർക്ക് നടപ്പു സാമ്പത്തിക വർഷംതന്നെ വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**ഹൗസിംഗ് ബോര്‍ഡിന്റെ ഫ്ളാറ്റ് സമുച്ചയങ്ങള്‍**

6451 ശ്രീ. മോന്‍സ് ജോസഫ്
,, സി.എഫ്. തോമസ്
,, റ്റി.യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ നഗരങ്ങളില ഭൂമി ലഭ്യത കുറവായതിനാല്‍ ഹൗസിംഗ് ബോര്‍ഡിന്റെ നേതൃത്വത്തില്‍ ഫ്ളാറ്റ് സമുച്ചയങ്ങള്‍ നിര്‍മ്മിച്ച് നല്കുന്നതിന് നടപടികള്‍ സ്വീകരിക്കുമോ; എങ്കില്‍ വിശദാംശം ലഭ്യമാക്കുമോ?

(ബി) ഹൗസിംഗ് ബോര്‍ഡിനെ ശക്തിപ്പെടുത്തുവാന്‍ എന്തെല്ലാം പുതിയ പദ്ധതികള്‍ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**ഭവനനിർമ്മാണ ബോർഡിൽ നിന്നും വായ്പയെടുത്ത വായ്പകൾ എഴുതിതള്ളണമെന്ന ആവശ്യം**

**6452 ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ ബോർഡിൽ നിന്നും വായ്പയെടുത്തു വീടുവച്ചവരും ഇപ്പോൾ തിരിച്ചടക്കാൻ സാമ്പത്തികമായി ദുരിതമനുഭവിക്കുന്നവരുമായിട്ടുള്ളവരുടെ വായ്പകൾ എഴുതിതള്ളുന്ന കാര്യം പരിഗണിക്കുമോ;

(ബി) ഇപ്പോൾ ഭവന നിർമ്മാണ ബോർഡിനു എത്ര രൂപാ വായ്പാ കുടിശ്ശികയായി പിരിഞ്ഞുകിട്ടാനുണ്ട് ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**വയനാട് ജില്ലാ ഹൗസിംഗ് ബോർഡിൽ നിന്നും ഭവനവായ്പ എടുത്തവരുടെ ലോൺ തുക തിരിച്ചടയ്ക്കുന്നതിനായി പ്രത്യേക പാക്കേജ്**

6453 **ശ്രീ. എം. വി. ശ്രേയാംസ് കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലാ ഹൗസിംഗ് ബോർഡിൽ നിന്നും ഏതെല്ലാം സ്കീമുകളിലായി എത്രപേർ ഭവനവായ്പ എടുത്തിട്ടുണ്ട്; താലൂക്ക്തല വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതിൽ വായ്പാസംഖ്യ തിരിച്ചടയ്ക്കാതെ ജപ്തി നടപടികൾ നേരിടുന്നവരുടെ താലൂക്ക്തല വിശദാംശം ലഭ്യമാക്കുമോ;

(സി) ഇവരുടെ ലോൺ തുക തിരിച്ചടയ്ക്കുന്നതിനായി പ്രത്യേക പാക്കേജ് ആവിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?